പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4445 17.05.2017 ൽ മറുപടിയ്ക്ക്

മണലൂർ മണ്ഡലത്തിലെ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ് എന്നിവയുടെ വിശദാംശങ്ങൾ

ചോദ്യം

ശ്രീ. മുരളി പെരുനെല്ലി :

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ് എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | മണലൂർ മണ്ഡലത്തിൽ തൃശ്ശൂർ ഡിപ്പോയുടെ കീഴിൽ കാഞ്ഞാണിയിലും, ചാവക്കാട് ഡിപ്പോയുടെ കീഴിൽ വെങ്കിടങ്ങ്, മുല്ലശ്ശേരി, പൂവത്തൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകളും, ചാവക്കാട് ഡിപ്പോയുടെ കീഴിൽ വാടാനപ്പള്ളി, പാവറട്ടി എന്നിവിടങ്ങളിൽ സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വില്പന ശാലകളിലും സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കുശേഷം മാത്രമേ മറ്റ് നിരക്കുകളിൽ വിൽപ്പന നടത്താവൂയെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്റ്റോറുകളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെയും നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും വിശദാംശങ്ങൾ അറിയിക്കുമോ; | (സി) യും (ഡി) യും | സംസ്ഥാന തലത്തിലാണ് സപ്ലൈകോയിൽ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്. ഓരോ ഔട്ട് ലെറ്റുകൾ/ ഡിപ്പോകൾ തിരിച്ച് തസ്തികകൾ നിശ്ചയിക്ക പ്പെട്ടിട്ടില്ല. അതിനാൽ ഒരു പ്രത്യേക സ്റ്റോറിലെ ഒഴിവ് കണ്ടെത്താനാവില്ല. നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഏതെങ്കിലും സ്റ്റോറിൽ ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് നികത്താൻ സ്വീകരിച്ച നടപടി എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഔട്ട് ലെറ്റിന്റെ പേര് | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|---|
| 1 | വെങ്കിടങ് മാവേലി സ്റ്റോർ | ധന്യ.കെ.കരിമത്തിൽ. | അസിസ്റ്റൻറ് സെയിൽസ്മാൻ OIC |
| 2 | മുല്ലശ്ശേരി മാവേലി സ്റ്റോർ | സൂഷ.പി | അസിസ്റ്റൻറ് സെയിൽസ്മാൻ OIC |
| 3 | പൂവത്തൂർ മാവേലി സ്റ്റോർ | രേഖ.സി.പി, | അസിസ്റ്റൻറ് സെയിൽസ്മാൻ OIC |
| 4 | കാഞ്ഞാണി മാവേലി സ്റ്റോർ | സവിത.എം. | ജൂനിയർ അസിസ്റ്റൻറ് OIC |
| 5 | വാടാനപ്പള്ളി സൂപ്പർ മാർക്കറ്റ് | ദിദിക.പി.സി. | അസിസ്റ്റൻറ് സെയിൽസ്മാൻ OIC |
| 6 | പാവറട്ടി സൂപ്പർ മാർക്കറ്റ് | സുമ.റ്റി.കെ. | അസിസ്റ്റൻറ് സെയിൽസ്മാൻ OIC |